**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 73** **29-08-2022 - ൽ മറുപടിയ്ക്ക്**

**പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ വായ്പാ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ.കെ.ടി.ജലീൽ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ എം നൗഷാദ് ,<br>ശ്രീമതി കാനത്തിൽ ജമീല** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കിയ സ്വയംതൊഴിൽ, ബിസിനസ്സ് വായ്പാ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ കേന്ദ്ര ഏജൻസികളായ ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (NBCFDC), ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (NMDFC) എന്നിവയുടെ ഫണ്ട് വിനിയോഗിച്ച് പിന്നാക്ക മതന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ടവർക്ക് നടപ്പിലാക്കിവരുന്ന സ്വയം തൊഴിൽ, ബിസിനസ്സ് വായ്പാ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായുള്ള ന്യൂ സ്വർണ്ണിമ പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ; | (ബി) | വനിതകളിൽ സ്വയംപര്യാപ്തത വളർത്തണമെന്ന ലക്ഷ്യത്തോടെ കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന പ്രത്യേക പദ്ധതിയാണ് ന്യൂസ്വർണ്ണിമ. ടി പദ്ധതി പ്രകാരം ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് പുതിയ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി പരമാവധി 2 ലക്ഷം രൂപ വരെ 5% പലിശ നിരക്കിൽ വായ്പയായി അനുവദിച്ചുവരുന്നു. പ്രായപരിധി 18 മുതൽ 55 വയസ്സുവരെയാണ്.<br><br>2021-22 സാമ്പത്തിക വർഷം ടി പദ്ധതിയിൽ ഉൾപ്പെടുത്തി 56 ഗുണഭോക്താക്കൾക്ക് 85.74 ലക്ഷം രൂപയും, 2022-23 സാമ്പത്തിക വർഷം നാളിതുവരെ 24 ഗുണഭോക്താക്കൾക്ക് 37.34 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. |
| (സി) | ദേശീയ ഏജൻസികളുടെ പദ്ധതി പ്രകാരം വായ്പ അനുവദിക്കാൻ സാധിക്കാത്ത, തൊഴിൽ സാധ്യതയുള്ള കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള വിദ്യാശ്രീ വായ്പാ പദ്ധതിയുടെ വിശദവിവരങ്ങൾ അറിയിക്കാമോ; | (സി) | കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ തനത് ഫണ്ട് ഉപയോഗിച്ച് പിന്നാക്ക / മതന്യൂനപക്ഷ വിദ്യാർത്ഥികൾക്കായി നടപ്പിലാക്കിവരുന്ന വിദ്യാഭ്യാസ വായ്പാ പദ്ധതിയാണ് വിദ്യാശ്രീ. ടി പദ്ധതി പ്രകാരം |

| | | | |
|---|---|---|---|
| | | | പ്രൊഫഷണൽ / ടെക്നിക്കൽ / വൊക്കേഷണൽ / ഡിപ്ലോമ / ഗവൺമെന്റ് അംഗീകൃത സർട്ടിഫിക്കറ്റ് കോഴ്സുകൾ ഇന്ത്യയ്ക്കകത്ത് പഠിക്കുന്നതിനായി പരമാവധി 3 ലക്ഷം രൂപ 6% പലിശ നിരക്കിൽ അനുവദിച്ചുവരുന്നു. പ്രായപരിധി 16-32 വയസ്സാണ്. |
| (ഡി) | വായ്പാ പദ്ധതികൾ വേഗതയിലും സുതാര്യതയോടെയും നടപ്പാക്കുന്നതിന് സ്വീകരിച്ചുവരുന്ന മാർഗ്ഗങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (ഡി) | വായ്പാ പദ്ധതികൾ നടപ്പാക്കുന്നതിന് സ്വീകരിച്ചു വരുന്ന മാർഗ്ഗങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. കോർപ്പറേഷന്റെ എല്ലാ പ്രവർത്തനങ്ങളും ഓൺലൈൻ സംവിധാനത്തിലൂടെയാണ് നടത്തി വരുന്നത്.<br><br>2. പ്രവർത്തനങ്ങൾ കൂടുതൽ ഏകീകരിക്കുന്നതിനും വേഗത്തിലാക്കുന്നതിനും കോർപ്പറേഷന്റെ മൊബൈൽ ആപ്ലിക്കേഷൻ വികസന ഘട്ടത്തിലാണ്.<br><br>3. കോർപ്പറേഷന് തനതായ സോഫ്റ്റ് വെയർ നിലനിൽക്കുന്നതിനാൽ ദൈനംദിന പ്രവർത്തനങ്ങൾ ക്രോഡീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുവാനും സാധിക്കുന്നു.<br><br>4. വായ്പാ തിരിച്ചടവ് ഉപഭോക്താക്കൾക്ക് സൗകര്യപ്രദമാക്കുന്നതിന് ഓൺലൈൻ സംവിധാനമായ "SBI Collect" മുഖാന്തിരം നടത്തി വരുന്നു.<br><br>5. കൂടാതെ സംസ്ഥാനത്തെ കൂടുതൽ പിന്നാക്ക / മതന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്കും കോർപ്പറേഷന്റെ സേവനങ്ങൾ ലഭ്യമാക്കുന്നതിന് കോർപ്പറേഷന് 14 ജില്ലകളിലും ജില്ലാ ഓഫീസുകളും, 20 ഉപജില്ലാ ഓഫീസുകളും കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### സ്വയം തൊഴിൽ വായ്പ

പിന്നാക്ക മതന്യൂനപക്ഷ വിഭാഗക്കാർക്കായി സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിനായി ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (NBCFDC) പരമാവധി 15 ലക്ഷം രൂപയും ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (NMDFC) പരമാവധി 30 ലക്ഷം രൂപയും അനുവദിച്ചുവരുന്നു.

### റീ-ടേൺ

പ്രവാസ ജീവിതം അവസാനിപ്പിച്ച് നാട്ടിൽ സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിനായി പ്രവാസി സംരംഭകർക്കായി നോർക്കാ റൂട്ട്സിന്റെ ശുപാർശ പ്രകാരം പരമാവധി 30 ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നതാണ്. അതിന് പുറമേ പരമാവധി 3 ലക്ഷം രൂപ വരെ മൂലധന സബ്സിഡിയും വായ്പാ തിരിച്ചടവിന്റെ ആദ്യ 4 വർഷം 3% പലിശ സബ്സിഡിയും നോർക്കാ റൂട്ട്സ് അനുവദിക്കും.

### സ്റ്റാർട്ട്-അപ്പ്

പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ സഹകരണത്തോടെ ഒ.ബി.സി. വിഭാഗം പ്രൊഫഷണലുകൾക്ക് വേണ്ടി ആരംഭിച്ച 'സ്റ്റാർട്ട്-അപ്പ്' വായ്പാ പദ്ധതിയിൽ 20 ലക്ഷം രൂപ വരെ വായ്പ ലഭിക്കുന്നതാണ്. വായ്പകൾക്ക് 20% സബ്സിഡി (പരമാവധി 2 ലക്ഷം രൂപ) പിന്നാക്ക വിഭാഗ വികസന വകുപ്പ് അനുവദിക്കും.

### റീ-ലൈഫ്

താഴ്ന്ന വരുമാനക്കാരായ ഒ.ബി.സി. കുടുംബങ്ങൾക്ക് വേണ്ടി ആരംഭിച്ച 'റീ ലൈഫ്' വായ്പാ പദ്ധതി പ്രകാരം 1 ലക്ഷം രൂപ വായ്പ ലഭിക്കുന്നതാണ്. വായ്പാ തുകയുടെ 50% (പരമാവധി 25,000/- രൂപ) മൂലധന സബ്സിഡി പിന്നാക്ക വിഭാഗ വികസന വകുപ്പ് അനുവദിക്കും. ഇതിന് പുറമേ ചെറുകിട സംരംഭങ്ങൾ തുടങ്ങുന്നതിനായി കുടുംബശ്രീ മുഖേന NBCFDC, NMDFC മൈക്രോ ക്രെഡിറ്റ് വായ്പകൾ പരമാവധി 3 കോടി രൂപ വരെ അനുവദിക്കുന്നു.

### മൈക്രോ ക്രെഡിറ്റ് / മഹിളാ സമൃദ്ധി യോജന

കോർപ്പറേഷൻ പ്രാമുഖ്യം നൽകിവരുന്ന വായ്പാ പദ്ധതിയാണ് മൈക്രോ ക്രെഡിറ്റ് / മഹിളാ സമൃദ്ധി യോജന വായ്പാ പദ്ധതി. ഈ പദ്ധതിയിലൂടെ അർഹരായ ഗുണഭോക്താക്കൾക്ക് കുടുംബശ്രീ സി.ഡി.എസ്സ് / തെരഞ്ഞെടുക്കപ്പെട്ട സന്നദ്ധ സംഘടനകൾ മുഖേന പരമാവധി 3 കോടി രൂപ 3% മുതൽ 5% വരെ പലിശ നിരക്കിൽ നിബന്ധനകൾക്ക് വിധേയമായി അനുവദിച്ചുവരുന്നു.

### ദേശീയ സഫായി കർമ്മചാരീസ് ധനകാര്യ വികസന കോർപ്പറേഷൻ (NSKFDC) വായ്പാ പദ്ധതികൾ

ദേശീയ സഫായി കർമ്മചാരീസ് ധനകാര്യ വികസന കോർപ്പറേഷൻ (NSKFDC) ശുചീകരണ മേഖലയിലെ തൊഴിൽ സംരംഭങ്ങൾക്കും ഈ മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾ, കുടുംബശ്രീ പ്രവർത്തകർ അവരുടെ ആശ്രിതരായ കുടുംബാംഗങ്ങൾ എന്നിവർക്ക് കോർപ്പറേഷൻ മുഖേന പരമാവധി 3 കോടി രൂപ വരെ മൈക്രോ ക്രെഡിറ്റ് / മഹിളാ സമൃദ്ധി യോജന വായ്പാ പദ്ധതിയിലൂടെ ലഭ്യമാക്കുന്നു. ശുചീകരണ മേഖലകളിൽ പ്രവർത്തിക്കുന്ന ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾ അവരുടെ കുടുംബാംഗങ്ങൾക്കും NSKFDC ഫണ്ട് വിനിയോഗിച്ച് കോർപ്പറേഷൻ വായ്പ അനുവദിച്ചുവരുന്നു.

(.....2)

**കോർപ്പറേഷൻ തനത് ഫണ്ട്**

ദേശീയ ഏജൻസികളുടെ ഫണ്ടിന് പുറമേ കോർപ്പറേഷൻ തനത് ഫണ്ട് വിനിയോഗിച്ച് പ്രവർത്തന മൂലധന, ബിസിനസ്സ് ഡെവലപ്മെന്റ് എന്നീ വായ്പാ പദ്ധതികൾ അനുവദിച്ചുവരുന്നു. ആയതിന്റെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**KSBCDC ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന വായ്പാ പദ്ധതി**

| പദ്ധതിയുടെ പേര് | പരമാവധി വായ്പാ തുക | പലിശ നിരക്ക് |
|---|---|---|
| 1. പെൺകുട്ടികളുടെ വിവാഹ വായ്പാ പദ്ധതി (3 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 2 ലക്ഷം രൂപ | 6% |
| 2. സുവർണ്ണ ശ്രീ വായ്പ (ബഹുവിധ ആവശ്യങ്ങൾക്ക്) (3 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 3 ലക്ഷം രൂപ | 8% |
| 3. പ്രവർത്തന മൂലധന വായ്പാ (3 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 3 ലക്ഷം രൂപ | 7% |
| 4. ബിസിനസ്സ് ഡെവലപ്മെന്റ് വായ്പ (8 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 5 ലക്ഷം രൂപ | 8% |
| 5. വിദ്യാശ്രീ വായ്പ പദ്ധതി (3 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 3 ലക്ഷം രൂപ | 6% |
| 6. വാഹന വായ്പ (3 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 8 ലക്ഷം രൂപ | 8% |
| 7. ഗൃഹ പുനരുദ്ധാരണ വായ്പ (സ്വസ്ഥ ഗൃഹ) (3 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 5 ലക്ഷം രൂപ | 9% |
| 8. വ്യക്തിഗത വായ്പ (3 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 5 ലക്ഷം രൂപ | 9.50% |
| 9. എന്റെ വീട് (ഭവന നിർമ്മാണ വായ്പാ പദ്ധതി) - 1 (1,20,000/- ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 5 ലക്ഷം രൂപ | 6.50% |
| 10. എന്റെ വീട് (ഭവന നിർമ്മാണ വായ്പാ പദ്ധതി) - 2 (3 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 10 ലക്ഷം രൂപ | 7% |

സെക്ഷൻ ഓഫീസർ